## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** — **27-06-2022 - ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻ സർക്കാരിന്റെ കാലത്തും നിലവിൽ നാളിതുവരെയായും എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻ സർക്കാരിന്റെ കാലത്തും നിലവിൽ നാളിതുവരെയായും 296487 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 41,187 |
| കൊല്ലം | 24,853 |
| പത്തനംതിട്ട | 8,065 |
| ആലപ്പുഴ | 21,479 |
| കോട്ടയം | 11,751 |
| ഇടുക്കി | 18,836 |
| എറണാകുളം | 22,064 |
| തൃശ്ശൂർ | 21,773 |
| പാലക്കാട് | 33,494 |
| മലപ്പുറം | 27,150 |
| കോഴിക്കോട് | 21,638 |
| വയനാട് | 20,124 |
| കണ്ണൂർ | 13,241 |
| കാസർഗോഡ് | 10,832 |
| ആകെ | 2,96,487 |

| | | | |
|---|---|---|---|
| (ബി) | പാർപ്പിട സൗകര്യം ഉറപ്പാക്കുവാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും, പ്രസ്തുത കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കുവാൻ | (ബി) | 2016-21 കാലയളവിൽ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന 70,800 ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 38,809 |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലമാണെന്നും വ്യക്തമാക്കുമോ; | | കുടുംബങ്ങൾക്ക് ധനസഹായം നൽകി ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. അവശേഷിക്കുന്ന 31,991 ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഇതിനുപുറമെ ലൈഫ് 2020 പ്രകാരം ഫീൽഡുതല പുന:പരിശോനയ്ക്ക് ശേഷം 5,14,381 ഗുണഭോക്താക്കൾ കരട് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | സർക്കാർ നടത്തിയ അതിദാരിദ്ര്യ സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന അടിയന്തര പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അതിദാരിദ്ര നിർണ്ണയ പ്രക്രിയ നടപടികൾ 2022 ഫെബ്രുവരി മാസം പൂർത്തിയായിട്ടുണ്ട്. 64,006 അതിദാരിദ്ര്യ കുടുംബങ്ങളെയാണ് ടി പ്രക്രിയയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ ഉന്നമനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. മൈക്രോപ്ലാൻ മാർഗ്ഗരേഖ അംഗീകരിക്കുന്നത് പ്രകാരം തദ്ദേശസ്ഥാപനങ്ങൾ മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ